ഫോൺ : 0487 - 239172
Email: sntnattika@gmail.com

# സമഗ്ര ഗുണമേന്മ വിദ്യാലയ വികസനരേഖ 2025 - 2026

## ചാവക്കാട് വിദ്യാഭ്യാസ ജില്ല
## വലപ്പാട് ഉപജില്ല

## പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : നാട്ടിക ഗ്രാമപഞ്ചായത്ത് |
| വിദ്യാലയത്തിന്റെ പേര് | : എസ്. എൻ. ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ, നാട്ടിക |
| ഇ - മെയിൽ അഡ്രെസ്സ് | : sntnattika@gmail.com |
| മാനേജർ | : ശ്രീ വെള്ളാപ്പിള്ളി നടേശൻ |
| മാനേജർ ഇൻ ചാർജ്ജ് | : പ്രസന്നൻ പി കെ<br>934908500 |
| പ്രിൻസിപ്പാളിന്റെ പേര് | : ജയബിനി |
| ഹെഡ്മിസ്ട്രസ്സിന്റെ പേര് | : മിനിജ ആർ വിജയൻ |
| ഫോൺ നമ്പർ | : 0487 - 2397172 |
| പി ടി എ പ്രസിഡന്റിന്റെ പേര് | : പി എസ് പി നസീർ |
| ഫോൺ നമ്പർ | : 9447243939, 7994325550 |

# ആമുഖം

ചാവക്കാട് വിദ്യാഭ്യാസ ജില്ലയിൽ തൃപ്രയാർ ക്ഷേത്രത്തിന് സമീപം കിഴക്കേ ടിപ്പുസുൽത്താൻ റോഡിന്റെ പടിഞ്ഞാറു ഭാഗത്തുമായി സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് എസ് എൻ ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂൾ നാട്ടിക. 2000-ൽ ആരംഭിച്ച ഈ വിദ്യാലയത്തിന്റെ മാനേജർ ശ്രീ. വെള്ളാപ്പിള്ളി നടേശൻ ആണ്. 8-□□ തരം മുതൽ 10-□□ തരം വരെ ഏകദേശം ആയിരത്തോളം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കോളനികളിൽ നിന്നും തീരദേശത്തു നിന്നുമുള്ള വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നവരിൽ ഭൂരിഭാഗവും.

## അദ്ധ്യാപകേതര ജീവനക്കാർ

| ഔദ്യോഗിക പദവി | ജീവനക്കാരുടെ എണ്ണം | | | |
|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ | റിമാർക്സ് |
| ക്ലാർക്ക് | 1 | - | 1 | |
| ഓഫീസ് അസിസ്റ്റന്റ് | 2 | - | 2 | |
| എഫ് ടി സി എം | 1 | - | 1 | |
| ലാബ് അസിസ്റ്റന്റ് | 1 | 1 | 2 | |
| ഉച്ച ഭക്ഷണം തയ്യാറാക്കൽ | - | 1 | 1 | |
| | 5 | 2 | 7 | |

ആകെ :7

| ക്ലാസ്സ് | ആകെ കുട്ടികൾ | | | ഒ ബി സി | | | ഒ ഇ സി | | | എസ് സി | | | ബി പി എൽ | | | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T | |
| 8 | 70 | 78 | 148 | 18 | 28 | 46 | 5 | 10 | 15 | 20 | 16 | 36 | 39 | 46 | 85 | 51 |
| 9 | 84 | 76 | 160 | 26 | 22 | 48 | 8 | 4 | 12 | 27 | 21 | 48 | 47 | 47 | 94 | 52 |
| 10 | 84 | 58 | 142 | 27 | 15 | 42 | 9 | 4 | 13 | 19 | 16 | 35 | 43 | 29 | 72 | 52 |
| 11 | 106 | 121 | 227 | 61 | 69 | 130 | 13 | 8 | 21 | 22 | 26 | 48 | 35 | 47 | 82 | 28 |
| 12 | 114 | 124 | 238 | 80 | 85 | 165 | 5 | 13 | 18 | 24 | 26 | 50 | 32 | 48 | 80 | 5 |

## അധ്യാപകർ

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| എച്ച് എസ് | 2 | 20 | 22 |
| എച്ച് എസ് എസ് | 3 | 15 | 18 |

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

നാളെയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥികളെ ഭാരതത്തിന്റെ സംസ്കാരവും മാനുഷിക മൂല്യങ്ങളും ഉൾക്കൊണ്ട് ഉത്തമമായ ജീവിതാവസ്ഥകളിലേക്ക് ഉയർത്തിക്കൊണ്ടുവരേണ്ടത് വീടും വിദ്യാലയവുമാണ്. പലതരം ജീവിതാവസ്ഥകളിൽ നിന്നുവരുന്ന കുട്ടികളെ സ്നേഹവും അറിവും ജീവിത മൂല്യങ്ങളും സമ്മേളിക്കുന്ന വിദ്യാല യാന്തരീക്ഷത്തിൽ വളർത്തിയെടുക്കുക എന്നതാണ് വിദ്യാലയത്തെ ക്കുറിച്ച് നമുക്ക് വേണ്ട കാഴ്ചപ്പാട്. വിദ്യാർത്ഥികളുടെ സമഗ്രമായ വ്യക്തിത്വവികസനത്തിനുതകുന്ന പഠന സാമഗ്രികൾ, പഠനാനുഭവങ്ങൾ എന്നിവ വിദ്യാലയം തയ്യാറാക്കേണ്ടതുണ്ട്. പുതിയകാലത്തെ കുട്ടികളുടെ മനശാസ്ത്രപരവും വൈജ്ഞാനികവുമായ അവസ്ഥാന്തരങ്ങളെ തിരി ച്ചറിയാനും സഹായിക്കാനുമുള്ള കഴിവുള്ളവരായിരിക്കണം. അധ്യാപകർ ഇത്തരത്തിൽ സൗഹൃദത്തിന്റെയും അറിവിന്റെയും വിദ്യാലയ അന്തരീക്ഷ മാണ് നമ്മൾ വിഭാവനം ചെയ്യുന്നത്.

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി നാട്ടുകാരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും മാനേജ്മെന്റിന്റെയും അധ്യാപകരുടെയും മീറ്റിംഗ് കൂടി വികസന രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

## അക്കാദമിക മാസ്റ്റർ പ്ലാൻ -2025-2026

## വിഷയം കൃഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ‘കൃഷി ഒരു ലഹരി’ കുട്ടികളിൽ കാർഷിക അഭിരുചി വളർത്തുന്നതിനും വിഷ രഹിത പച്ചക്കറി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്.<br><br>ഓണത്തിന് ഒരു മുറം പച്ചക്കറി | ഗ്രോ ബാഗ്<br>പച്ചക്കറി തൈകൾ<br>ജൈവവളം<br>തിരി നന | ഹ്യസ്വം | JRC<br>Scouts &Guides<br>ഹൈസ്കൂൾ വിദ്യാർത്ഥികൾ, മുഴുവൻ അധ്യാപകരും, പൂർവ്വ വിദ്യാർത്ഥികൾ, SMC | 70,000₹ |
| മുന്നൊരുക്കം | സ്ഥലം ഒരുക്കുക, കൃഷിക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കൽ | 1 മാസം | കുട്ടികൾ അധ്യാപകർ | 16,000₹ |
| തൈ നടൽ | ഗ്രോ ബാഗിൽ മണ്ണും ചകിരി ചോറും നിറച്ച് വളം മിക്സ് ചെയ്തു തൈകൾ നടന്നു | 1 ആഴ്ച | കുട്ടികൾ അധ്യാപകർ | 1000₹ |
| ജൈവവേലി നിർമ്മാണം | ചെമ്പരത്തി കൊങ്ങിണി സുക്രമാണി കൂടാതെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പഴയകാല കുറ്റിച്ചെടികൾ | 1 ആഴ്ച | കുട്ടികൾ അധ്യാപകർ | 1000₹ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചെണ്ടുമല്ലി | കൃഷി പച്ചക്കറികൾ ക്കിടയിൽ ചെണ്ടു മല്ലി നടന്നു പച്ച ക്കറികൾക്കൊപ്പം പരിചരണം | 2 ദിവസം | കുട്ടികൾ അധ്യാപകർ | 1000₹ |
| കോവൽ പന്തൽ നിർമ്മാണം | പന്തൽ നിർമ്മിച്ച് വലയിടുന്നു | 3 ദിവസം | കുട്ടികൾ അധ്യാപകർ | 5000₹ |
| കാർഷിക ഉപകരണങ്ങൾ വാങ്ങൽ | ചട്ടി തുമ്പ വെട്ടുകത്തി മണ്ണ് മാന്തി കൈക്കോട്ട് തുടങ്ങിയവ വാങ്ങുന്നു | - | - | 5000₹ |
| ഇടവളം ഇടൽ | ജൈവ വളം ഇടുന്നു. കമ്പോസ്റ്റ്, ചാണകം | 2 ദിവസം | കുട്ടികൾ അധ്യാപകർ | 16000₹ |
| തിരിനന | തിരിനനക്കാവശ്യമാ യ ഒരുക്കങ്ങൾ | 1 ആഴ്ച | കുട്ടി കർഷക | 16000₹ |
| ക്ലാസ്സ് റൂം ഹരിത വൽക്കരണം | ക്ലാസ്സ് മുറികളുടെ മുന്നിൽ ഇലച്ചെടികൾ ചട്ടിയിൽ വെക്കുന്നു | 2 ദിവസം | കുട്ടികൾ | 3000₹ |
| കൃഷി പരിപാലനം | കൃത്യമായ ഇടവേളകളിൽ ചെടികൾ പരിചരിക്കുകയും ആവശ്യമായ വളങ്ങൾ നൽകുന്നു. ജൈവ കീടനാശിനി തളിക്കുന്നു. | 2 ദിവസം | കുട്ടികൾ | 3000₹ |
| ഫലവൃക്ഷതൈക ളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | രംബൂട്ടാൻ, മാംഗോസ്റ്റിൻ നെല്ലിക്ക, പ്ലാവ് ലൂബിക്ക | 1 ആഴ്ച | കുട്ടികൾ അധ്യാപകർ | 3000₹ |

# 2025 - 26 വർഷത്തെ നൂതനപ്രവർത്തനങ്ങൾ

- പ്രവേശനോത്സവം
- വിവിധ  ക്ലബുകളുടെ പ്രവർത്തനം
- തീരെ മോശമായ പഠന നിലവാരമുള്ള കുട്ടികൾക്കായി പ്രത്യേക പരിഗണന
- വിവിധ ദിനാചാരണങ്ങളും അതുമായി നടന്നു വരുന്ന വിവിധയിനം പ്രവർത്തനങ്ങൾ
- പി ടി എ മീറ്റിങ്ങുകൾ
- JRC, Littile Kites, Scouts & Guides എന്നിവയുടെ സജീവ പ്രവർത്തനങ്ങൾ
- സ്കൂൾ കലണ്ടർ നിർമ്മാണം
- പഠനപിന്നോക്കം നിലക്കുന്ന കുട്ടികളെ പ്രത്യേക പരിഗണന
- ലൈബ്രറി നവീകരണം
- കൃഷി ഒരു ലഹരി
- പഠനത്തോടൊപ്പം മാനസിക ഉല്ലാസത്തിന് സുംബാ യോഗ പരിശീലനം

## ശാസ്ത്ര സാമൂഹ്യ ശാസ്ത്ര വിഷയാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

ശാസ്ത്ര സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾ കൂടുതൽ കൂടുതൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തുന്നു. ഗണിതശാസ്ത്രത്തിലെ ഇത്തരം കുട്ടികളെ കണ്ടെത്തി അവർക്കായി ക്വിസ് മത്സരം ചാർട്ട് തയ്യാറാക്കുക എന്നിവയെല്ലാം സംഘടിപ്പിക്കുന്നു.

സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് മാപ്പിൽ നിന്നും വിവിധ സംസ്ഥാനങ്ങൾ, വ്യവസായിക കാർഷിക പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്താൻ അധ്യാപകർ കുട്ടികളെ സഹായിച്ചിരുന്നു. വിവിധ നദികൾ നദീ തട സംസ്കാരം എന്നിവ മാപ്പിലൂടെ കുട്ടികളെ മനസ്സിലാക്കി കൊടുക്കുന്നു.

ഹിന്ദി തുടങ്ങിയ ഭാഷ വിഷയങ്ങൾ പഠിപ്പിക്കുന്നതിനായി ഓഡിയോ കാസറ്റിന്റെ സഹായം ഉറപ്പുവരുത്തുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് correct pronounciation മനസ്സിലാക്കാൻ കഴിയുന്നു. ചെറിയ ചെറിയ കഥകൾ കവിതകൾ എന്നിവ അടങ്ങിയ വീഡിയോ ലാപ്ടോപ്പിലൂടെ പ്രദർശിപ്പിക്കുന്നു. ഇവ കൂടുതൽ ഒരേസമയം വിജ്ഞാനപ്രദവും ആഹ്ലാദകരവും ആകുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ -2025-2026 :മലയാളം

**ലക്ഷ്യം:**

ലൈബ്രറി നവീകരണം വായന മുറി വിദ്യാർത്ഥികളിൽ വായന ശീലം വളർത്തുക പുസ്തകങ്ങളെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചും അവബോധം ഉളവാക്കുക. കുട്ടികൾക്ക് വായനയുടെ പുതിയ ലോകം തുറക്കുക. പാഠപുസ്തകങ്ങളി ലേക്കുള്ള റഫറൻസ് പുസ്തകങ്ങൾ എത്തിക്കുക, വായനയിലൂടെ വിനോദത്തി നുള്ള അവസരം ഒരുക്കുക. ലൈബ്രറിക്ക് വേണ്ട വിജ്ഞാനപ്രദമായ പുസ്ത കങ്ങൾ വിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നും നാട്ടുകാരിൽ നിന്നും ശേഖരിക്കുന്നതിലൂടെ ലൈബ്രറി മെച്ചപ്പെടുത്തുക വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള ലഘുലേഖ കുട്ടികളിൽ നിന്ന് ശേഖരിക്കുന്നതിലൂടെ അറിവിന്റെ വാതായനത്തിലേക്ക് അവരെ എത്തിക്കുക. ലൈബ്രറി നവീകരണം പുസ്ത കങ്ങൾ അടുക്കി വയ്ക്കുന്നതിനുള്ള വാക്കുകൾ സജ്ജമാക്കുക. വായനാമുറി തയ്യാറാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാശീലം വളർത്തുക | ലൈബ്രറി വികസനകമ്മിറ്റി രൂപീകരണം സ്കൂൾ തലത്തിൽ ലൈബ്രറി വിപുലീകരണതിന് രൂപീകരിച്ചു. | ജൂൺ | മലയാളം skt അധ്യാപകർ | 200000 |
| വിവിധ സാഹിത്യകാരൻമാരുടെ രചനാ രീതികൾ പരിചയപ്പെടുത്തുക . | ലൈബ്രറി സജ്ജമാക്കൽ ഫർണിചർ, പുസ്തകങ്ങൾ,അലമാരികൾ, മേശകൾ,കസേരകൾ, വൈദ്യുതി | ജൂൺ -ഓഗസ്റ്റ് | അധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ PTA | |
| പുസ്തക ശേഖരണം | പുസ്തകങ്ങളും ആനുകാലികങ്ങളും വർത്തമാന പത്രങ്ങളും ലഭ്യമാക്കൽ | നവംബർ | അധ്യാപകർ | 10000 |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| --- | --- | --- | --- | --- |
| പുസ്തകം തരം തിരിക്കൽ | പുസ്തകങ്ങളുടെ കാറ്റ് ലോഗ് തയ്യാറാക്കൽ ഇ -ബുക്കുകൾ ഡിജിറ്റൽ വസ്തുക്കൾ ലഭ്യമാക്കൽ | - | - | 50000 |
| വിവിധ സാഹിത്യകാരൻമാരുടെ രചനാ രീതികൾ പരിചയപ്പെടുത്തുക . | ലൈബ്രറി സജ്ജമാക്കൽ ഫർണിചർ, പുസ്തകങ്ങൾ,അലമാരികൾ, മേശകൾ,കസേരകൾ, വൈദ്യുതി | ജൂൺ -ഓഗസ്റ്റ് | അധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ PTA | |
| പുസ്തക ശേഖരണം | പുസ്തകങ്ങളും ആനുകാലികങ്ങളും വർത്തമാന പത്രങ്ങളും ലഭ്യമാക്കൽ | നവംബർ | അധ്യാപകർ | 10000 |

**മേഖല : അക്കാദമികം** **ഉപമേഖല : സംസ്കൃത ഭാഷ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ക്ലാസ് |
|---|---|---|---|---|
| കുട്ടികൾക്ക് സംസ്കൃത ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ<br><br>slow learners -ന് അധിക പിന്തുണ ഉറപ്പാക്കൽ | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു | ജൂൺ | സംസ്കൃത അധ്യാപികർ | 8 |
| | ഓരോ ക്ലാസ്സിലും ദിവസവും സംസ്കൃതം വായിപ്പിക്കുക | പ്രതിദിനം | സംസ്കൃത അധ്യാപികർ | 8,9,10 |
| | CWSN Slow Learners കുട്ടികൾക്കായി അക്ഷരമാല ആഴ്ചയിൽ എഴുതിപ്പിക്കുക. ഐസിടി മുഖാന്തിരം പല വർണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | സംസ്കൃത അധ്യാപികർ | 8,9,10 |
| | സംസ്കൃത ദിനത്തോടനുബന്ധിച്ച് പ്രവർത്തനങ്ങൾ നടത്തുക | വർഷം | സംസ്കൃത അധ്യാപികർ | 8,9,10 |
| | സംസ്കൃത അസംബ്ലി നടത്തുക | ആഴ്ചയിൽ | സംസ്കൃത അധ്യാപികർ | 8,9,10 |
| | സംസ്കൃത സിനിമകൾ കാണാനുള്ള അവസരം (ഭാഷ പരിചയം) | 6 മാസം | സംസ്കൃത അധ്യാപികർ | 8,9,10 |
| | സംസ്കൃത നാടക അവതരണം (പാഠപുസ്തകവുമായി ബന്ധപ്പെട്ട് ) | 6 മാസം | സംസ്കൃത അധ്യാപികർ | 8,9,10 |
| | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക (ഭാഷ കൂടുതൽ മനസിലാക്കാൻ ) | പ്രതിദിനം | സംസ്കൃത അധ്യാപികർ | 8,9 |
| | വ്യാകരണ പഠനം | ആഴ്ചയിൽ | സംസ്കൃത അധ്യാപികർ | 8,9,10 |
| | സംസ്കൃത വാർത്തകൾ കാണാനുള്ള അവസരം | ആഴ്ചയിൽ | സംസ്കൃത അധ്യാപികർ | 8,9,10 |

**മേഖല : അക്കാദമികം ഹൈസ്കൂൾ** **ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മാവിശ്വാസ ത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Library നവീകരണം<br>English Corner story time<br>English Cartoon പ്രദർശനം<br>English Assembly | അവധി ക്കാലം / ശനിയാ ഴ്ചകൾ | പി ടി എ ടീച്ചേഴ്സ് | പി ടി എ മാനേജ്മെൻറ് |
| ഇംഗ്ലീഷിൽ ഉള്ള ആവിഷ്ക്കാരങ്ങ ൾക്ക് അവസരം ഒരുക്കുക | Cinema & Documentary - Profile & Script തയ്യാറാക്കുന്നതിന് വേണ്ടി English Cinema യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു | ക്ലാസ്റൂം പ്രവർത്ത നങ്ങളോ ടൊപ്പം | ടീച്ചേഴ്സ് SRG | ഇംഗ്ലീഷ് ക്ലബ് മാനേജ്മെൻറ് |
| | Role Play, English Day ആചരണം Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യവിഷ്ക്കാരം നടത്തുന്നു | ക്ലാസ്റൂം പ്രവർത്ത നങ്ങളോ ടൊപ്പം | പി ടി എ ടീച്ചേഴ്സ് | പി ടി എ ഇംഗ്ലീഷ് ക്ലബ് |
| സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | സ്കൂൾ ഇംഗ്ലീഷ് voice അക്ഷരകാർഡ് പദ കാർഡ് വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ ചിത്രവായന, ലഘുകഥ നിർമ്മാണം, പബ്ലിക് സ്പീക്കിംഗ് ,സിംപ്ലി ഗെയിംസ്, ഇംഗ്ലീഷ് പത്രവായന, പദസമ്പാദനം പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, ന്യൂസ് റീഡിങ് കോമ്പറ്റീഷൻസ് | ക്ലാസ്റൂം പ്രവർത്ത നങ്ങൾ, അസംബ്ലി | പി ടി എ ടീച്ചേഴ്സ് SRG | ഇംഗ്ലീഷ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ്റൂം പ്രവർത്ത നങ്ങൾ | പി ടി എ ടീച്ചേഴ്സ് SRG | പി ടി എ |
| | പാഠഭാഗങ്ങളിൽ നിന്നും രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ച കൾ ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ് | രക്ഷിതാക്കൾ |
| കവിതാലാപന ത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കാൻ അവസരം<br>കവിതാരചന ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു<br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു<br>Book Reviews<br>രചനകളുടെ പ്രദർശനം (മാഗസിൻ) | ക്ലാസ്റൂം പ്രവർത്ത നങ്ങൾ ശനിയാഴ്ച കൾ വെക്കേ ഷൻ<br>വർഷ ത്തിൽ രണ്ട് പ്രാവശ്യം | പി ടി എ ടീച്ചേഴ്സ് SRG<br>ഇംഗ്ലീഷ് അധ്യാ പകർ | ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് ക്ലബ്<br>പി ടി എ മാനേജ്മെൻറ് |
| സാങ്കേതിക വിദ്യാസാധ്യ തകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജന പ്പെടുത്തുക | പ്രശസ്ത എഴുത്തുകാർ , നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു<br>ഇംഗ്ലീഷ് ഫെസ്റ്റ് , ഇംഗ്ലീഷ് ഫിലിം കാണാനുള്ള അവസരം | വെക്കേ ഷൻ (ഓണം ക്രിസ്മസ് )<br>അക്കാദ മിക വർഷ ത്തിൽ ഒന്ന് | പി ടി എ ടീച്ചേഴ്സ് SRG<br>ഇംഗ്ലീഷ് ക്ലബ് | പി ടി എ SRG മാനേജ്മെൻറ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംവാദ സദസുകൾ സംഘടിപ്പിക്കുക | native speakers - മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു<br><br>ഇപ്പോൾ ജീവിച്ചിരിക്കുന്ന ഇംഗ്ലീഷ് writers, Poets മായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു | ശനിയാഴ്ച കൾ വെക്കേ ഷൻ<br><br>അക്കാദ മിക വർഷം രണ്ട് തവണ | പി ടി എ ടീച്ചേഴ്സ് SRG | പി ടി എ ഇംഗ്ലീഷ് ക്ലബ് |

**മേഖല : അക്കാദമികം** **ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ക്ലാസ് |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രി ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | ഹിന്ദി അധ്യാപകർ | 8 |
| | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മനസികവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വാരം | ഹിന്ദി അധ്യാപകർ<br>മറ്റു ഭാഷാധ്യാപകർ | 8,9,10 |
| | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനം ദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം, എന്നിവയുടെ ദൈനംദിന അവതരണം | പ്രതി ദിനം | ഹിന്ദി അധ്യാപകർ | 8,9 |
| | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐടിസി മുഖാന്തിരം പലവർണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ | 8,9,10 |
| | ഹിന്ദിയിൽ ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | ഹിന്ദി അധ്യാപകർ | 8,9,10 |
| | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക | ദിനചരണവുമായി ബന്ധപ്പെട്ട് | ഹിന്ദി അധ്യാപകർ | 9,10 |

**മേഖല : അക്കാദമികം** **ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ക്ലാസ് |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | ഹിന്ദി അധ്യാപകർ | 8,9,10 |
| | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതി ദിനം | ഹിന്ദി അധ്യാപകർ | 8,9,10 |
| | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെൻററി<br>• സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | ഹിന്ദി അധ്യാപകർ<br><br>മറ്റു ഭാഷാധ്യാപകർ | 9,10 |
| | കുട്ടികൾക്ക് മനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിൽ ആക്കാനും ഉള്ള പ്രവർത്തന പേക്കേജുകൾ | 6 മാസം | ഹിന്ദി അധ്യാപകർ<br><br>മറ്റു ഭാഷാധ്യാപകർ | 8,9,10 |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ക്ലാസ് |
|---|---|---|---|---|
| കുട്ടികളിൽ പൊതു വിജ്ഞാനം വളർത്തുക<br><br>പ്രകൃതി സംരക്ഷണം ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം<br><br>പുരാ വസ്തുക്കൾ നാണയങ്ങൾ എന്നിവയുടെ ശേഖരണം<br><br>സാമൂഹ്യ ശാസ്ത്ര ലാബ് | ക്വിസ്, ദിനചരണങ്ങൾ, പ്രശ്നോത്തരി എന്നിവ സംഘടിപ്പിക്കുന്നു. ചരിത്ര സിനിമകൾ പ്രദർശിപ്പിക്കുന്നു | അക്കാദമിക് വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് അധ്യാപകർ |
| | പ്രകൃതിയേയും, ചരിത്ര സ്മാരകങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം എന്തൊക്കെയാണെന്ന് കുട്ടികൾക്ക് മനസിലാക്കി കൊടുക്കുക | അക്കാദമിക് വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് അധ്യാപകർ |
| | പുരാവസ്തുക്കൾ, നാണയങ്ങൾ, എന്നിവ ശേഖരിക്കുകയും അതിന്റെ പ്രദർശനം നടത്തുകയും ചെയ്യുക. വിദ്യാലയത്തിൽ സാമൂഹ്യശാസ്ത്ര ലാബ് ആരംഭിക്കുകയും ചെയ്യുക | അക്കാദമിക് വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് അധ്യാപകർ |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കാൻ മോക് പാർലമെൻറ് | ബാലറ്റ് പേപ്പർ, പ്രകടന പത്രിക പ്രചരണം, ഇവ ഉപയോഗിച്ച് സ്കൂൾ പാർലമെൻറ് നിർമ്മാണം | ജൂൺ മാർച്ച് | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് അധ്യാപകർ |
| ഭൂപട വായന വളർത്തുക സ്ഥലനിർണയം നടത്താൻ പഠിക്കുക | ഭൂപട വായന വായന കുട്ടികളിൽ വളർത്തിയെടുക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നടത്തുക<br>ഗ്ലോബ്, അറ്റ്ലസ് , മാപ്പുകൾ എന്നിവ പരിചയപ്പെടുത്തുക | അക്കാദമിക് വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് അധ്യാപകർ |
| സാമൂഹ്യ ശാസ്ത്രമേള | എല്ലാ വിദ്യാർഥികളെയും ഉൾപ്പെടുത്തി ഒരു ദിവസം സ്കൂളിൽ സാമൂഹ്യ ശാസ്ത്രമേള നടത്തുക | ജൂൺ സെപ്റ്റംബർ | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് അധ്യാപകർ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ക്ലാസ് |
|---|---|---|---|---|
| പ്രാദേശിക ചരിത്ര രചന | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും ആ സ്ഥലത്തെക്കുറിച്ച് ചരിത്ര രചന നടത്തുകയും ചെയ്യുക | അക്കാദമിക് വർഷം മുഴുവൻ | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ക്ലാസ് |
|---|---|---|---|---|
| ജിജ്ഞാസ, കൌതുകം നിരീക്ഷണ പാടവം വളർത്തുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ, മോഡലുകളുടെ നിർമ്മാണം,പ്രദർശനം ലഘു പ്രോജക്റ്റുകൾ മെച്ചപ്പെട്ടത് പൊതുവായി അവതരിപ്പിക്കുന്നു | അക്കാദ മിക വർഷം | സയൻസ് അധ്യാപകർ | സയൻസ് അധ്യാപകർ |
| ശാസ്ത്രകൌതുകം ഉണർത്തുന്ന അന്വേഷണങ്ങൾ നടത്തി ലഭിച്ച വിവരങ്ങൾ രേഖപ്പെടുത്തുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സെമിനാറുകൾ ക്ലാസ് തലത്തിൽ അവതരിപ്പിക്കുന്നു. സ്കൂൾ തല എക്സിബിഷൻ നടത്തുന്നു. ശാസ്ത്ര ശില്പശാല സംഘടിപ്പിക്കുന്നു. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | അക്കാദ മിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| മനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുന്നു | ശാസ്ത്രലൈബ്രറി, ശാസ്ത്ര മാനസിക പ്രസിദ്ധീകരണം സയൻസ് ലാബ് നവീകരണം | അക്കാദ മിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | 'എന്റെ കുട്ടി എന്ന രേഖ സൃഷട്ടിക്കുന്നു. ഹെർബേറിയം നിർമ്മിക്കുന്നു. ബഡ്ഡിംഗ് ലയറിംഗ്, ഗ്രാഫ്റ്റിംഗ് എന്നിവ പരിശീലിപ്പിക്കുന്നു.<br><br>ഔഷധസസ്യതോട്ടം, പച്ചക്കറി തോട്ടം, ജൈവവേലി തയ്യാറാക്കൽ പ്ലാസിറ്റിക് നിരോധിത കാമ്പസ് | അക്കാദ മിക വർഷം | സയൻസ് അധ്യാപകർ<br><br>ആരോഗ്യ വകുപ്പ് | സയൻസ് അധ്യാപകർ<br><br>P T A |
| നേരറിവ് നേടൽ, അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ | ക്വിസ് , സെമിനാർ , പ്രോജക്റ്റ് മുതലായവയിൽ പങ്കെടുക്കുന്നു. നൈപുണി വിദക്തരുമായുള്ള സംവാദം | അക്കാദ മിക വർഷം | സയൻസ് അധ്യാപകർ | സയൻസ് അധ്യാപകർ<br><br>P T A<br>മാനേജ്മെന്റ് |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാനം ഉറപ്പിക്കുക | ഗണിതം മധുരം ചതുഷ്ക്രിയ അവബോധ പരിശോദനയും പരിഹാര ബോധനവും കോൺ അളക്കൽ നീളം അളക്കൽ പരിശീലനം | ദീർഘ കാലം | നോട്ട്ബുക്ക് ചാർട്ട് അളവ് മാപിനികൾ | ഗണിത അധ്യാപകർ |
| ഗണിതാഭിരുചി വർദ്ധിപ്പിക്കുക | ഗണിത ക്വിസ്, ഗണിത പൂക്കളം, ജ്യോമട്രിക്കൽ ചാർട്ട്, പതാക നിർമ്മാണം, ദിനാചരണം, ഗണിത പാട്ടുകൾ ഗണിത അസംബ്ലി, കുസൃതി കണക്കുകൾ, ഗണിത മാഗസിൻ, ഗണിത ക്ലബ്, ഗണിത പ്രദർശനം, മനക്കണക്ക് മത്സരം | ഹ്രസ്വ കാലം | ചാർട്ട് , പേപ്പറുകൾ കത്രിക , കളർ പേപ്പറുകൾ, Fevicol, cello tap | ഗണിത ശാസ്ത്ര വിദഗ്ദ്ധൻ |
| ഐ സി ടി ഗണിത സാദ്ധ്യതയിലൂടെ യുള്ള ഗണിത പഠനം | സമഗ്ര റിസോഴ്സ് , ജിയോജിബ്ര ഉപയോഗിച്ചുള്ള ഗണിത പഠനം | ദീർഘ കാലം | ലാപ്ടോപ് | ഐ ടി അദ്ധ്യാപകർ<br><br>ഗണിത അധ്യാപകർ |
| ഓരോ കാലഘട്ടത്തിനും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക | പ്രായോഗിക പ്രശ്നങ്ങളെ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു, ഘനരൂപങ്ങളുടെ നിർമ്മാണവും ഉപയോഗവും ത്രികോണമിതി ഉപയോഗിച്ച് പ്രയോഗിക പരിശീലനം | ഹ്രസ്വ കാലം | A4 ഷീറ്റ് , card board, കത്രിക, black board, ചരട് , കോൺമാപിനി , pvc പൈപ്പ് | ഗണിത അധ്യാപകർ |
| ക്രിയാത്മകത,കൃത്യത, സൂക്ഷ്മത , ഉപകരണങ്ങൾ, ഉപയോഗിക്കുന്നതിലെ വൈദഗ്ദ്ധ്യം ഉറപ്പാക്കുക | ഗണിത ലാബിലെ പ്രവർത്തനങ്ങൾ | ഹ്രസ്വ കാലം | A4 ഷീറ്റ് , card board, കത്രിക, ചരട് , ruler | ഗണിത അധ്യാപകർ<br><br>HM |

# ICT ACADEMIC MASTER PLAN (2025 - 26 ) - KERALA SCHOOLS

**OBJECTIVES**

- strengthen 21st - century digital skills
- Integrate ICT with all curricular subjects.
- Promote use of free and Open Source Software(FOSS).
- Encourage creative and responsible ICT use.
- Celebrate global ICT - related days through project-based learning.

**CORE COMPONENTS**

- Tools Used: LibreOffice, GIMP, Scratch, Audacity, Kdenlive, GeoGebra, Python
- ICT devices: Smart TVs, Laptops, Internet, Projectors
- Learning style: a project-based experiential cross - curricular
- Platforms: KITE Victers, Sampoorna, Littile Kites Portal
- Safety Focus: Cyber security, digital footprint, online etiquette
- Student Involvement: Little Kites club, ICT project, School Exhibitions

**MONTHLY PLAN WITH ACTIVITIES AND COMMEMORATION DAYS**

June:

- ICT orientation: Email basics, ID creation World Environment Day (June5): GIMP posters

July:

- LibreOffice tools: Time Table in Calc
- World Population Day (July 11): Data handling

August

- GIMP image editing: Independence Day e-posters
- Independence Day (August 15): Animated a flag in scratch

September

- Audacity/Kdenlive: Record morning prayer
- Teachers Day( September 5 ):Greeting video

October:

- Coding: Scratch animations/games
- Software Freedom Day: FOSS quiz

November:

- ICT in subjective learning: GeoGebra project
- Children's Day (November 14): Digital storytelling

December:

- Cyber safety posters in GIMP
- Computer Security Day (November 30), Human Rights Day (December 10)

January:

- Data analysis in calc
- National Youth Day(Jan 12): Student profiles

February:

- Presentation in Impress
- Safer Internet Day: Cyber quiz and pledge

March:

- Digital Portfolio & Project Fair
- National Science Day(Feb 28): Science models with ICT

**ANNUAL HIGHLIGHTS**

- Digital Exhibition in March
- Monthly ICT Quiz via Littile Kites

- Quarterly Student E-newsletter
- Digital Magazine Display

**ASSESSMENT**

- Formative: project work, Group tasks
- Summative: Practical tests
- Portfolio: Digital record of student work

**TEACHER SUPPORT**

- Regular training via KITE SAMAGRA
- KITE Victors for reference
- Sampoornna for student tracking and ICT club activities

# അക്കാദമികം മാസ്റ്റർ പ്ലാൻ 2025 - 26 ആരോഗ്യ കായിക വിദ്യാഭ്യാസം
# എസ് എൻ ട്രസ്റ്റ് എച്ച്എസ്എസ് നാട്ടിക

**മേഖല**: ആരോഗ്യ കായിക വിദ്യാഭ്യാസം

**ഉദ്ദേശം:**

- കുട്ടികൾ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക
- അനുയോജ്യമായ കായിക ഇനങ്ങളുടെ നൈബുണികൾ സ്വായത്തമാക്കുക

**ഉപമേഖല:**

- കായിക മേഖല
- ആരോഗ്യ മേഖല

**ആമുഖം:**

നിത്യജീവിതത്തിൽ ആരോഗ്യ വിദ്യാഭ്യാസത്തിന്റെ പ്രസക്തി മനസ്സിലാക്കി ശാരീരികവും മാനസികവും കായികവും എന്നിവയെ ലക്ഷ്യമാക്കി തയ്യാറാക്കുന്നതാണ് ആരോഗ്യ കായിക വിദ്യാഭ്യാസം എന്ന പുസ്തകം. വളരെ വ്യത്യസ്തമായ രീതിയിൽ കളികളും യോഗകളും നമ്മുടെ ശരീരത്തിന്റെ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും കായികപരമായി വിദ്യാർത്ഥികളെ മികച്ച രീതിയിൽ കൊണ്ടുവരിക എന്നതാണ് ലക്ഷ്യമാക്കുന്നത്. പിന്നെ കായിക പരമായി നല്ല അറിവുണ്ടാക്കുക എന്നതുമാണ് ഉദ്ദേശിക്കുന്നത്. പലഘട്ടങ്ങളിൽ ആയിട്ടാണ് പ്രവർത്തനങ്ങൾ ചെയ്യുന്നത്. കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിലും ആണ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചത്.

**ലക്ഷ്യം:**

- കായിക ക്ഷമത കൈവരിക്കൽ
- ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ

**പ്രവർത്തനം:**

- ജൂഡോ
- റെസിലിംഗ്
- വോളിബോൾ
- ഫുട്ബോൾ
- മൈനർ ഗെയിംസ്
- കലിഡ്തെനിസ്റ്റിക്

ജൂഡോ റസലിംഗ് മീറ്റുകൾ നവീകരിക്കുകയും വോളിബോൾ കോർട്ട് നവീകരിക്കുന്നതിനും ആണ് പ്രധാന ചെലവ് ഈ അക്കാദമിക വർഷത്തെ നടപ്പിലാക്കേണ്ടത് ഇതിനായി 50,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**മോണിറ്ററിംഗ് :** സ്കൂൾ പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തനങ്ങൾ നടത്തണം ഒപ്പം വിലയിരുത്തലും.

# പ്ലസ് ടു വിഭാഗം

# പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| ഇംഗ്ലീഷ് ഭാഷ ഫല പ്രദമായി ഉപയോഗിക്കാൻ കുട്ടികളെ പ്രാവീണ്യരാക്കുക. | സ്കൂൾ അസംബ്ലി ഇംഗ്ലീഷിൽ നടത്തുക. ഇംഗ്ലീഷ് പത്രം വായന അസംബ്ലിയിൽ നിർബന്ധമാക്കുക. ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ, മാസികകൾ എന്നിവ വായിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ക്വിസ് മത്സരങ്ങൾ നടത്തുക. | |
| വിവിധ രീതിയിലുള്ള ഇംഗ്ലീഷ് ഭാഷ കുട്ടികളെ പരിചയപ്പെടുത്തുക. | സിനിമാപ്രദർശങ്ങൾ നടത്തുക, ബ്രിട്ടീഷ് ഇംഗ്ലീഷ്, അമേരിക്കൻ ഇംഗ്ലീഷ്, ഒറേലിയൻ ഇംഗ്ലീഷ് എന്നീ വിവിധതരത്തിലുള്ള ഇംഗ്ലീഷ് ഉപയോഗിച്ചുള്ള പ്രസംഗങ്ങൾ കേൾപ്പിക്കുക. | 500 രൂപ<br>പി.ടി.എ. |
| ഇംഗ്ലീഷ് എഴുത്തിൽ കുട്ടികളെ പ്രാപ്തരാക്കുക. | ♦ സ്ക്രിപ്റ്റ് എഴുത്ത് മത്സരം സ്കൂൾ തലത്തിൽ നടത്തി അതിനെ അവതരിപ്പിക്കുക.<br>♦ ലൈബ്രറി ഫെസ്റ്റ് നടത്തുക.<br>♦ ഡിക്ഷണറി ഉണ്ടാക്കുക. | 1000 രൂപ<br>പി.ടി.എ. |
| ഭാഷാനൈപുണ്യം ഉണ്ടാക്കുക. | വിദേശികളായ വിനോദസഞ്ചാരികളുമായി സംസാരിപ്പിക്കുകയും അതിലൂടെ വിദേശസംസ്കാരത്തെക്കുറിച്ച് കുട്ടികളെ പരിചയപ്പെടുത്തുകയും ചെയ്യുക. | 500 രൂപ<br>വിദ്യാർത്ഥികൾ |

# പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| ഹിന്ദി ഭാഷയോട് താല്പര്യം ഉണ്ടാക്കുക. | ഹിന്ദി നാടക കളരി, ഹിന്ദി ഫിലിം ഫെസ്റ്റിവെൽ നടത്തുക. | 25000 രൂപ<br>എസ്.എസ്.ജി |
| ഹിന്ദി ഭാഷയിൽ നിപുണത വർദ്ധിപ്പിക്കുക. | ഹിന്ദി ഗ്രന്ഥശാല ഒരുക്കുക, വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ വായിക്കാൻ ലഭ്യമാക്കുക. | 5000 രൂപ<br>വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ഹിന്ദി പുസ്തകങ്ങൾ ശേഖരിക്കുക |
| ഹിന്ദി ഭാഷാ സംസാരിക്കാനും മനസ്സിലാക്കാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. | • ഹിന്ദി സാഹിത്യവേദി സംഘടിപ്പിക്കുക.<br>• ദിനാചരണങ്ങൾ ഹിന്ദിയിലും നടത്തുക.<br>• ഹിന്ദി അസംബ്ലി നടത്തുക.<br>• ഹിന്ദി പോസ്റ്ററുകൾ ഉണ്ടാക്കുക.<br>• ഹിന്ദി സാഹിത്യമത്സരങ്ങൾ നടത്തി പുരസ്കാരങ്ങൾ നൽകുക.<br>• ഹിന്ദി സംസാരഭാഷയായി ഉപയോഗിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുക. | 2000 രൂപ<br>വിദ്യാർത്ഥികളിൽ നിന്നും പി.ടി.എ.യിൽ നിന്നും സംഘടിപ്പിക്കുക |

# പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| സൂക്ഷ്മാപഗ്രഥനം, പുതിയ അന്വേഷണങ്ങൾ, ചിന്തയേയും അറിവിനേയും സർഗ്ഗാത്മകമാക്കുക, | ശേഖരണം, ലഘുവിവരണം, പ്രഭാഷണം, കുറിപ്പ് തയ്യാറാക്കുക, വായനാശീലം വളർത്തുക. | 5000 രൂപ<br>എസ്.എസ്.ജി |
| ദൃശ്യകലയെ പാഠങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുക. | നാടക ശില്പശാല, കാവ്യരങ്ങ്, കഥകളി അവതരണം, ഡോക്യുമെന്ററി അവതരണം തുടങ്ങിയവ സംഘടിപ്പിക്കുക. | 25000 രൂപ<br>എസ്.എസ്.ജി |
| പ്രതിസന്ധികൾ അഭിമുഖീകരിക്കാൻ ഇച്ഛാശക്തി കരുത്തു പകരുന്നു. (പാഠസന്ദർഭവുമായി ബന്ധിപ്പിക്കുന്നു.) | കലാരംഗത്തെ പ്രമുഖരുടെ കലാജീവിതം, സമീപനം എന്നിവ കണ്ടെത്തി ആവിഷ്കരിക്കുക, ചർച്ച, അഭിമുഖം എന്നിവ സംഘടിപ്പിക്കുക. | 2000 രൂപ<br>എസ്.എസ്.ജി |
| കലാപാരമ്പര്യത്തെക്കുറിച്ച് അറിവ് (പാഠഭാഗവുമായി ബന്ധപ്പെടുത്തുന്നു.) | കേരളത്തിലെ എല്ലാ കലാപാരമ്പര്യത്തെക്കുറിച്ചും പാഠസന്ദർഭവുമായി ബന്ധപ്പെട്ട കലകളെക്കുറിച്ചും ചിത്രങ്ങളും വീഡിയോകളും സംഘടിപ്പിക്കുന്നു.<br>കലാകാരന്മാരുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | 5000 രൂപ<br>എസ്.എസ്.ജി |

# പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| ഭാഷാനൈപുണ്യം വർദ്ധിസപ്പിക്കുക, സഭാകമ്പം ഇല്ലാതെ ഭാഷ പ്രയോഗിക്കാനുള്ള കഴിവ്. | സംഭാഷണശിബിരം നടത്തുക, വിദ്യാലയത്തിൽ അസംബ്ലി നടത്തുക, വാർത്ത വായിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | 1000 രൂപ പി.ടി.എ |
| ലേഖന നൈപുണ്യം വർദ്ധിപ്പിക്കുക. | സാഹിത്യരചനകൾ നടത്തുക, കൈയ്യെഴുത്തുമാസിക പ്രസിദ്ധീകരിക്കുക, ഡിക്ഷണറി നിർവ്വാണം. | 500 രൂപ പി.ടി.എ |
| നാട്യകലകളെക്കുറിച്ചുള്ള അവഗാഹം നേടിയെടുക്കുക. | കലാമണ്ഡലം സന്ദർശനം, നാട്യകലകളെക്കുറിച്ച് സ്കൂളിൽ വിദഗ്ദ്ധനെ കൊണ്ട് ക്ലാസ് എടുപ്പിക്കുക. | 2000 രൂപ പി.ടി.എ |
| ആയുർവ്വേദത്തെക്കുറിച്ച് അവഗാഹം. | തൈക്കാട്ടുശ്ശേരി ആയുർവ്വേദശാല സന്ദർശനം. | 5000 രൂപ വിദ്യാർത്ഥികൾ |
| പ്രകൃതി സംരക്ഷണം (പ്രകൃതിയെക്കുറിച്ച് അറിയുക) | ഔഷധത്തോട്ടനിർമ്മാണം, വിവിധ ചെടികളുടേയും ഔഷധസസ്യങ്ങളുടെയും പേരുകൾ മനസ്സിലാക്കുകയും അവയുടെ ഉപയോഗവും തിരിച്ചറിവും. | 1000 രൂപ പി.ടി.എ |

# പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം

ഉപമേഖല : ബോട്ടണി

| Aim | Method | Fund |
|---|---|---|
| • Learning by doing.<br>• Developing skill in practical work.<br>• Experimentation method<br>• Inculcate observation skill in students | Prepare list of experiments tha can be conducted in the class room.<br>Categories various experiments design project, seminars. | Rs. 20000/-<br>PTA<br>Allotment from govt.<br>Lab fund |

# പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം

ഉപമേഖല : കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| **കെമിസ്ട്രിയോടുള്ള താല്പര്യം നിരീക്ഷിക്കുന്ന പരീക്ഷണ പാടവം വളർത്തുക.**<br><br>**ക്ലാസ്മുറികൾ പരീക്ഷണശാലകളാക്കുക.** | പ്രാക്ടിക്കൽ, ലാബ് യൂണിറ്റ് സജ്ജീകരിക്കുക.<br><br>**മൊബൈൽ ലാബ്**<br>ഓരോ മൊബൈൽ യൂണിറ്റിലും കെമിക്കൽസ് അനുബന്ധ സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കും. | പി.ടി.എ,<br>സർക്കാർ അലോട്ട്മെന്റ്<br>എസ്.എസ്.ജി ഫണ്ട്<br><br>സ്കൂൾ സപ്പോർട്ടിങ്ങ് ഗ്രൂപ്പ്<br><br>ഏകദേശം 50000 രൂപ ആവശ്യമായി വരും |

# പ്രവർത്തനപദ്ധതി രൂപരേഖ

**മേഖല : അക്കാദമികം** **ഉപമേഖല : കോമേഴ്സ്** (ക്യാപിറ്റൽ മാർക്കറ്റ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
| --- | --- | --- |
| ഓഹരി വിപണിയെക്കുറിച്ച് അടിസ്ഥാനപരമായി പഠനം ഉറപ്പുവരുത്തുക.<br><br>വ്യാപാര വ്യവസായങ്ങളിൽ മൂലധന വിപണിയുടേയും ഓഹരി വിപണിയുടേയും പ്രാധാന്യം പഠനപ്രവർത്തനത്തിലൂടെ ഉറപ്പുവരുത്തുക. | ജിജോയിത്ത് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ സെമിനാറുകൾ നടത്തുക.<br><br>പ്രായോഗിക പ്രവർത്തനത്തിലൂടെ പഠനം ഉറപ്പാക്കൽ.<br><br>♦ കുട്ടികൾക്ക് അവരുടെ ചെറു സമ്പാദ്യങ്ങൾ ഉപയോഗിച്ച് ഓഹരി വിപണിയിലൂടെ സാമ്പത്തികനേട്ടം ഉണ്ടാക്കൽ.<br><br>കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുക.<br><br>♦ ഭാവിയിൽ നല്ല തൊഴിൽ സാധ്യതയും വരുമാനമാർഗ്ഗവും ഉറുപ്പുവരുത്തൽ. | 10000 രൂപ<br>ജിജോയിത്ത് പോലുള്ള സ്ഥാപനത്തിന്റെ പരസ്യത്തിന്റെ ഭാഗമാക്കി മാറ്റുന്നു.<br><br>പി.ടി.എ, സർക്കാർ അലോട്ട്മെന്റ്<br><br>(2 മുതൽ 3 മാസം) |

# പ്രവർത്തനപദ്ധതി രൂപരേഖ

**മേഖല : അക്കാദമികം** **ഉപമേഖല : കണക്ക്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| അടിസ്ഥാന നൈപുണ്യം വർദ്ധിപ്പിക്കുക. | പ്ലസ് വൺ ആരംഭത്തിൽത്തന്നെ ഒരാഴ്ച അടിസ്ഥാനം പഠിപ്പിക്കുന്നു | ചെറിയ പരീക്ഷകൾ നടത്തി പുരോഗതി ഉറപ്പുവരുന്നു. 2300 രൂപ (പി.ടി.എ) |
| ക്വിസ് | പുസ്തകങ്ങൾ കൊടുത്ത് ക്വിസിനു പരിശീലനം നൽകുന്നു. | സ്കൂൾ തലത്തിലും ഉപജില്ലാതലത്തിലും പങ്കെടുപ്പിക്കുന്നു. 300 രൂപ (പി.ടി.എ) |
| പ്രോജക്ട് | ഓരോ അദ്ധ്യായത്തിന്റേയും അവസാനം ജിയോജിബ്ര ഉപയോഗിക്കാൻ കുട്ടിയെ പരിശീലിപ്പിക്കുന്നു. | കുട്ടികൾക്ക് പ്രൊജക്ടുകൾ കൊടുക്കുന്നു. |
| സെമിനാർ | ഗ്രൂപ്പുകളാക്കി തിരിച്ച് പരിശീലനം ചെയ്യിക്കണം. | എല്ലാ ഗ്രൂപ്പുകാരും അവതരിപ്പിക്കുന്നു. |
| ഗണിത മേള | ഗണിതമേളയിൽ പങ്കെടുക്കുന്നതിനു വേണ്ടി എല്ലാ ഇനങ്ങളിലും പ്രത്യേക പരിശീലനം കൊടുക്കുന്നു. | ഗണിതമേള സ്കുൾ തലത്തിൽ ആദ്യം നടത്തുകയും തുടർന്ന് ഉപജില്ല, ജില്ല, സംസ്ഥാനതലങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. 5000 രൂപ (പി.ടി.എ) |
| ഗണിതലാബ് | ജിയോജിബ്രയിൽ കുട്ടികളെ സമർത്ഥരാക്കുന്നു. | ഗണിതമേള ആരംഭിക്കുകയും പ്രാക്ടിക്കൽ തുടങ്ങുകയും ചെയ്യുന്നു. 2500 രൂപ എം.പി. ഫണ്ട് |

# പ്രവർത്തനപദ്ധതി രൂപരേഖ

**മേഖല : അക്കാദമികം** **ഉപമേഖല : മൊബൈൽ ലബോറട്ടറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| പ്രവർത്തനങ്ങളിലൂടെ പഠനം ഉറപ്പുവരുത്തുക.<br>ഹൈസ്കൂൾ തലം മുതൽ പ്രാക്ടിക്കലുകൾക്ക് ഊന്നൽ നൽകുക. | എൽ.പി., യു,പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിവിധ ക്ലാസുകളിലെ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി വിവിധ പാഠഭാഗങ്ങളിൽ നിന്ന് സാധ്യയുള്ള പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക | 20000 രൂപ സ്പെഷ്യൽ ഫീസ് ഫണ്ട് വിഹിതം<br>പി.ടി.എ |
| കുട്ടികളിൽ ഹൈസ്കൂൾ തലം മുതൽക്കുതന്നെ പരീക്ഷണനിരീക്ഷണപാടവം വളർത്തുക. | വിവിധ ക്ലാസുകളിലെ സമാനസ്വഭാവമുള്ള പരീക്ഷണങ്ങളെ ഗ്രൂപ്പുകളാക്കുക (ക്ലസ്റ്ററിങ്ങ് ഓഫ് എക്സ്പീരിമെന്റ്സ്) | സർക്കാർ അലോട്ട്മെന്റ് |
| ക്ലാസ്മുറികൾ പരീക്ഷണശാലകളാക്കി മാറ്റുക | ഓരോ ഗ്രൂപ്പിനും ഓരോ ലാബ് യൂണിറ്റ് സജ്ജീകരിക്കുക<br>(ഉദാ: ഫിസിയോളജി, അനാട്ടമി, സൈറ്റോളജി)<br>ഒരു മൊബൈൽ ലാബ് യുണിറ്റിൽ ഉണ്ടാവേണ്ടത് മൈസ്ക്രോസ്കോപ്പ്, അനുബന്ധ സംവിധാനങ്ങൾ, കെമിക്കൽസ്, സ്ലൈഡുകൾ, മൈക്രോപിപ്പറ്റുകൾ, ടൈലുകൾ, ടെസ്റ്റ്യൂബ് തുടങ്ങിയവ<br>ഓരോ മൊബൈൽ ലാബ് യൂണിറ്റും ഒരു ഹാന്റി ബോക്സ് ആയിരിക്കും.<br>ഓരോ തലത്തിലും മിനിമം ഒരു മൊബൈൽ ലാബ്, ഡിവിഷനുകൾ കൂടുതലുള്ള സ്കൂളുകളിൽ എണ്ണം കൂട്ടാം. | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- ശാസ്ത്രാപോഷിണി ലാബ് |

## പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം

ഉപമേഖല : സാമ്പത്തികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| സാമ്പത്തിക ശാസ്ത്രവുമായി ആനുകാലകാര്യങ്ങൾ കുട്ടികൾ മനസ്സിലാക്കുക. | സ്കൂൾ ലൈബ്രറിയിൽ ഇക്കണോമിക് ടൈംസ്, ഇക്കണോമിക് മണി പൊളിറ്റിക്കൽ വീക്ക്‌ലി, ധനം മുതലായ പത്രങ്ങളും ആനുകാലികങ്ങളും സ്ഥിരമായി വരുത്തുക | 8500 രൂപ<br>പി.ടി.എ ഫണ്ട് |
| ഉൽപാദന ധർമ്മങ്ങൾ, ഉൽപ്പന്നങ്ങൾ ചെലവ് എന്നിവ വിദ്യാർത്ഥികൾ മനസ്സിലാക്കുക | പ്രദേശത്തുള്ള ഉത്ഘാടന യൂണിറ്റിലേക്ക് വിദ്യാർത്ഥികളെ ഒരു പഠനയാത്രയ്ക്ക് കൊണ്ടുപോകുക. | വിദ്യാർത്ഥികളിൽ നിന്ന്<br>20000 രൂപ |
| സാമ്പത്തികശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ ഉന്നത വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികളിൽ താൽപര്യം ജനിപ്പിക്കുക. | സാമ്പത്തികാശാസ്ത്രത്തിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക. | എം.എൽ.എ. ഫണ്ട്.<br>20000 രൂപ |
| ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാകുന്ന വിവിധ മാറ്റങ്ങൾ വിദ്യാർത്ഥികൾ മനസ്സിലാക്കുക, | ആനുകാലികങ്ങളിൽ വരുന്ന വാർത്തകൾ പ്രദർശിപ്പിക്കുന്ന ഒരു വാർത്താബോർഡ് ക്ലാസ്മുറികളിൽ സ്ഥാപിക്കുക. | വിദ്യാർത്ഥികളിൽ നിന്ന്<br>2000 രൂപ |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പഠനകാര്യത്തിൽ മറ്റുള്ളവർക്കൊപ്പമെത്താൻ സാധിക്കും. | സ്കുൾ സമയത്തിനുശേഷം ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ പങ്കാളികളാക്കിയും അധിക ക്ലാസ്സുകൾ നൽകിയും പഠനനിലവാരം ഉയർത്തുക | സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്<br>5000 രൂപ |

## പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം ഉപമേഖല : കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| 30 കമ്പ്യൂട്ടറുള്ള ഇന്റർനെറ്റോടുകൂടി നെറ്റ്‌വർക്ക് ചെയ്ത ലാബ്. മറ്റൊരു ലാബ് മറ്റു വിഷയങ്ങൾക്കു വേണ്ടി. | കുട്ടികളുടെ പ്രോഗ്രാമിങ്ങ് സ്കിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലാബ് സെറ്റ് ചെയ്തുകൊടുക്കുന്നു. | 10 ലക്ഷം<br>എസ്.എസ്.ജി |
| ഇ-കോർണർ | സ്കൂളിൽ പൊതുസ്ഥലത്ത് ഇന്റർനെറ്റ് സൗകര്യത്തോടുകൂടി കുട്ടികൾക്ക് വിവരശേഖരണത്തിനുള്ള സൗകര്യം. | 40,000 രൂപ<br>എസ്.എസ്.ജി |
| ഹാർഡ്‌വെയർ ക്ലിനിക്ക് ആന്റ് ചിപ്പ് ലെവൽ സർവ്വീസിങ്ങ്. | വിദഗ്ദ്ധർ വന്ന് വിശദമായി ക്ലാസ് എടുക്കുന്നു. | പി.ടി.എ<br>5000 രൂപ |
| ലോജിക് എൻഹാൻസ്മെന്റ് | പസിൽസ്, പ്രോഗ്രാമിംഗ് സ്കിൽ, റീസണിങ്ങ് ടെസ്റ്റ് | 5000<br>എസ്.എസ്.ജി |
| ഇ-ലൈബ്രറി | കുട്ടികൾക്ക് കമ്പ്യൂട്ടറിലുള്ള സമഗ്ര പരിജ്ഞാനം ഉണ്ടാക്കികൊടുക്കുന്നു. | 15000 രൂപ<br>എസ്.എസ്.ജി |

# പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം

ഉപമേഖല : കമ്പ്യൂട്ടർ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| 30 കമ്പ്യൂട്ടറുള്ള ഇന്റർനെറ്റോടു കൂടി നെറ്റ്‌വർക്ക് ചെയ്ത ലാബ്. മറ്റൊരു ലാബ് മറ്റു വിഷയങ്ങൾക്കു വേണ്ടി. | കുട്ടികളുടെ പ്രോഗ്രാമിങ്ങ് സ്കിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലാബ് സെറ്റ് ചെയ്തുകൊടുക്കുന്നു. | 10 ലക്ഷം<br>എസ്.എസ്.ജി |
| ഇ-കോർണർ | സ്കൂളിൽ പൊതുസ്ഥലത്ത് ഇന്റർനെറ്റ് സൗകര്യത്തോടുകൂടി കുട്ടികൾക്ക് വിവരശേഖരണത്തിനുള്ള സൗകര്യം. | 40,000 രൂപ<br>എസ്.എസ്.ജി |
| ഹാർഡ്‌വെയർ ക്ലിനിക്ക് ആന്റ് ചിപ്പ് ലെവൽ സർവ്വീസിങ്ങ്. | വിദഗ്ദ്ധർ വന്ന് വിശദമായി ക്ലാസ് എടുക്കുന്നു. | പി.ടി.എ<br>5000 രൂപ |
| ലോജിക് എൻഹാൻസ്മെന്റ് | പസിൽസ്, പ്രോഗ്രാമിംഗ് സ്കിൽ, റീസണിങ്ങ് ടെസ്റ്റ് | 5000<br>എസ്.എസ്.ജി |
| ഇ-ലൈബ്രറി | കുട്ടികൾക്ക് കമ്പ്യൂട്ടറിലുള്ള സമഗ്ര പരിജ്ഞാനം ഉണ്ടാക്കികൊടുക്കുന്നു. | 15000 രൂപ<br>പി.ടി.എ |

# പ്രവർത്തനപദ്ധതി രൂപരേഖ

മേഖല : അക്കാദമികം ഉപമേഖല : ഭൗതികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സാമ്പത്തിക വിശകലനം |
|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചിയും ശാസ്ത്രാഭിരുചിയും വളർത്തിയെടുക്കുക, പഠനം രസകരമായ അനുഭവമാക്കുക. | ക്ലാസ്മുറികളിൽതന്നെ സുസജ്ജമായ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കുക. ആയതിനാൽ പഠനത്തോടൊപ്പം തന്നെ പ്രായോഗിക പഠനസൗകര്യങ്ങളും ഉപയോഗിക്കാനാവുന്നു. | 25000 രൂപ<br>പി.ടി.എ, എസ്.എസ്.ജി |
| അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക | കുട്ടികൾക്ക് യഥേഷ്ടം ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതുവഴി പല പ്രമുഖ അദ്ധ്യാപകരുടേയും ശാസ്ത്രജ്ഞരുടേയും സേവനം ലഭ്യമാകുന്നു. | 20,000 രൂപ<br>പി.ടി.എ, എം.പി. എൽ.എ, എന്നീ ഫണ്ടുകൾ<br>എസ്.എസ്.ജി |
| കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക | നല്ല സയൻസ് ലൈബ്രറി രൂപീകരണം. | 10000 രൂപ<br>എസ്.എസ്.ജി |